## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 684.** **28.09.2016 ന് മറുപടിയ്ക്ക്**

**മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഹൈബി ഈഡൻ**<br>**,, എം. വിൻസെന്റ്**<br>**,, ഷാഫി പറമ്പിൽ**<br>**,, അനിൽ അക്കര** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | നിലവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) | മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. മദ്യ ഉപഭോഗത്തിന് ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശിച്ച ഫലം ലഭിക്കാത്തതും, സംസ്ഥാനത്ത് മയക്കുമരുന്ന് ഉപഭോഗം വർദ്ധിച്ചുവരുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഇക്കാര്യങ്ങൾ എല്ലാം പരിശോധിച്ച് പുതിയ മദ്യനയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളത്തുള്ള ഡ്യൂലാന്റ് എന്ന ഫൈവ് സ്റ്റാർ ഹോട്ടലിനു പുതുതായി എഫ്.എൽ3 ലൈസൻസ് നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (സി) | അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) യും (ഡി) യും | പുതുതായി അബ്കാരി നയം പ്രഖ്യാപിക്കുമ്പോൾ, അബ്കാരി ആക്റ്റിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ടി നയത്തിന് അനുസൃതമായി അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്. |
| (ഡി) | ഭേദഗതി കൊണ്ടുവരാനുള്ള സാഹചര്യം എന്താണെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**